പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 806 29-9-2016-ലെ മറുപടിക്ക്

**സ്കൂൾ വിദ്യാർത്ഥികളുടെ കലാ-കായിക പ്രവർത്തി പരിചയം**

| **ചോദ്യം**<br>**ശ്രീ. മഞ്ഞളാംകുഴി അലി** | | **ഉത്തരം**<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | സ്കൂൾ വിദ്യാർത്ഥികളുടെ കലാ-കായിക പ്രവർത്തിപരിചയ പഠനത്തിന് ആവശ്യമായ പരിഗണന നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | സ്കൂൾ വിദ്യാർത്ഥികളുടെ കലാ-കായിക, പ്രവൃത്തി പരിചയ പഠനത്തിന് സർക്കാർ മുന്തിയ പരിഗണന തന്നെ നൽകുന്നുണ്ട്. ഈ വിഷയങ്ങൾക്ക് തസ്തിക അനുവദിക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ടത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് മാനദണ്ഡങ്ങളും നിഷ്കർഷിച്ചിട്ടുണ്ട്. |
| ബി) | എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കലാ-കായിക പ്രവർത്തിപരിചയ അദ്ധ്യാപകരുടെ തസ്തിക നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) | എല്ലാ സ്കൂളുകളിലും കലാ-കായിക, പ്രവൃത്തി പരിചയ അദ്ധ്യാപകരുടെ (സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ) തസ്തിക സൃഷ്ടിക്കാൻ കെ.ഇ.ആർ-ലെ മാനദണ്ഡങ്ങൾ പ്രകാരം കഴിയില്ല. കെ.ഇ.ആർ-ലെ മാനദണ്ഡങ്ങൾ പ്രകാരം അഞ്ഞൂറോ അതിൽ കൂടുതലോ കുട്ടികൾ പഠിക്കുന്ന യു.പി.സ്കൂളുകളിൽ/ യു.പി.വിഭാഗത്തിൽ ഏതെങ്കിലും ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികയും, ഹൈസ്കൂൾ വിഭാഗത്തിൽ കലാ-കായിക, പ്രവൃത്തി പരിചയ വിഷയങ്ങൾക്ക് 5 പീരീഡുകൾ എങ്കിലും ലഭ്യമാകുന്നുവെങ്കിൽ പ്രസ്തുത വിഷയങ്ങളിൽ അദ്ധ്യാപകതസ്തികകളും അനുവദിക്കുന്നുണ്ട്. ഇപ്രകാരം തയ്യൽ അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് 200 പെൺകുട്ടികൾ ഉണ്ടായിരിക്കണം എന്ന് വ്യവ്സ്ഥ ചെയ്തിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| സി) | ഈ തസ്തികയിൽ ആകെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും എന്തുകൊണ്ടാണ് ഈ ഒഴിവുകൾ യഥാസമയം നികത്താൻ നടപടി സ്വീകരിക്കാത്തതെന്നും വ്യക്തമാക്കുമോ; | സി) | കെ.ഇ.ആർ. പ്രകാരം സർക്കാർ സ്കൂളുകളിൽ അനുവദിക്കുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകളിൽ ഒഴിവു വരുന്നമുറയ്ക്ക് തന്നെ പി.എസ്.സി. വഴി അവ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. എയ്ഡഡ് സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഒഴിവ് വരുമ്പോൾ മാനേജർമാർ നിയമനം നടത്തുന്നുണ്ട്. അംഗീകൃത സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ ഇപ്രകാരം യഥാസമയം തന്നെ നികത്തുന്നുണ്ട്. |
| ഡി) | ഈ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് വിദ്യാർത്ഥികളുടെ കലാ-കായിക പ്രവർത്തി പരിചയ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | ഡി) | കെ.ഇ.ആർ. പ്രകാരം അനുവദനീയമായ തസ്തികകളിലെ ഒഴിവുകൾ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും യഥാസമയം തന്നെ നികത്തുന്നുണ്ട്. പി.എസ്.സി. വഴിയുള്ള നിയമനത്തിന് കാലതാമസം ഉണ്ടായാൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി പ്രസ്തുത ഒഴിവ് നികത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വിദ്യാഭ്യാസ അവകാശനിയമം 2009 ൽ 6 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ ആകെ 100 ൽ കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ കലാ-കായിക, പ്രവൃത്തി പരിചയ വിഷയങ്ങളിൽ പാർട്ട്-ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2011-12 മുതൽ 2015-16 വരെ പാർട്ട്-ടൈം ഇൻസ്ട്രക്ടർമാരുടെ നിയമനം നടത്തിയിട്ടില്ല. എന്നാൽ 2016-17 ൽ സംസ്ഥാനത്തെ അർഹമായ സ്കൂളുകളിൽ പാർട്ട്-ടൈം ഇൻസ്ടക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനുള്ള നടപടികൾ സ്വീകരിക്കാൻ സർവ്വശിക്ഷാ അഭിയാൻ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ